ആകെ	1,60,02,175.62

(ബി) ലൈബ്രറി സെസിനത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഫണ്ടിൽ, എസ്.ബി.ടി, തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഉള്ള കൗൺസിലിന്റെ അക്കൗണ്ടിലാണ് അടയ്ക്കുന്നത്.

106 (2262) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ നിയമനം

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത് സ്കൂളുകളിലെ നിയമനത്തിൽ നിലനിൽക്കുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ എത്ര പഞ്ചായത്ത് സ്കൂളുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) സ.ഉ.(എം.എസ്)നം : 218/95/തദ്വേ തീയതി : 6.10.95 പ്രകാരം കേരളത്തിലെ പഞ്ചായത്തു സ്കൂളുകളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടു കൊടുത്തിട്ടുണ്ട്.

(സി) പഞ്ചായത്തു സ്കൂളുകളിലെ നിയമനത്തിൽ ഇപ്പോൾ തടസ്സം നിലനിൽക്കുന്നില്ല. നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തുവെങ്കിലും ഇതു സംബന്ധിച്ച് കെ.ഇ. ആറിൽ ഭേദഗതി വരുത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനം നടത്തിവരുന്നു.

(ഡി) 117 സ്കൂളുകൾ.

107 (2263) പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങാൻ തുക

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ലെ പദ്ധതി തുകയിൽനിന്നും ജനകീയാസൂത്രണ പദ്ധതികൾക്കു നൽകിയ തുകയിൽ ഓരോ പഞ്ചായത്തിനും ഒരു ലക്ഷം രൂപ വീതം ഫോട്ടോകോപ്പിയർ വാങ്ങുന്നതിന് വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുക ഉപയോഗിച്ച് എത്ര പഞ്ചായത്തുകൾ ഫോട്ടോകോപ്പിയർ വാങ്ങിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫോട്ടോകോപ്പിയർ ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതം ഡിമാന്റ് ഡ്രാഫ്റ്റായി പഞ്ചായത്ത് ഡയറക്ടറുടെ പേർക്ക് അയച്ചുകൊടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പഞ്ചായത്തുകൾ അതുപ്രകാരം ഡ്രാഫ്റ്റ് അയച്ചുകൊടുത്തു;

(ഇ) മറ്റു പഞ്ചായത്തുകൾ ഡ്രാഫ്റ്റ് അയക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ നിർദ്ദേശം അവഗണിച്ച വർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) തുക അയച്ച പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ എന്നാണ് ലഭ്യമാക്കിയത്;

(ജി) ഏത് കമ്പനിയുടെ ഏത് മോഡൽ ഫോട്ടോകോപ്പിയറാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഓരോ കോപ്പിയറിനും നൽകിയ വില എത്രയായിരുന്നു;

(ഐ) ഇത്തരത്തിൽ നൽകിയ കോപ്പിയറിന്റെ സർവീസിംഗ് സംബന്ധിച്ചും, മറ്റും കമ്പനിയുമായുണ്ടാക്കിയ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണം ഉന്നതതല കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ തുക ഉപയോഗിച്ച് ഫോട്ടോകോപ്പിയർ ഇതുവരെ വാങ്ങിയിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(സി) നൽകിയിട്ടുണ്ട്.

(ഡി) 24-1-2000-വരെ 691 (അറുന്നൂറ്റി തൊണ്ണൂറ്റിയൊന്ന്) ഗ്രാമപഞ്ചായത്തുകൾ ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഇ) ഫോട്ടോകോപ്പിയർ ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾ മാത്രം ഡ്രാഫ്റ്റെടുത്ത് നൽകുവാനാണ് നിർദ്ദേശം നൽകിയിരുന്നത്. അതിനാലാണ് മറ്റുപഞ്ചായത്തുകൾ ഡ്രാഫ്റ്റ് അയക്കാതിരുന്നത്. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ നിർദ്ദേശം അവഗണിച്ചിട്ടില്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിക്കേണ്ട ആവശ്യമില്ല.

(എഫ്) ഫോട്ടോ കോപ്പിയർ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ജി)(എച്ച്)&(ഐ) ഉപചോദ്യം എഫ്-ന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യമുദിക്കുന്നില്ല.

108 (2264) പഞ്ചായത്ത് സെക്രട്ടറിമാരുടെ സ്ഥലംമാറ്റം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly